# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 872 | 11/6/2014-ൽ മറുപടിക്ക്

## ബാർ പൂട്ടിയതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീ. കെ.രാജു<br>ശ്രീ. വി.ശശി | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ ബാറുകളിൽ എത്ര തൊഴിലാളികൾ നിലവിൽ ജോലി ചെയ്യുന്നെന്ന് വ്യക്തമാക്കാമോ; | (എ) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31/3/2014 വരെ 1094 ബാർതൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ബാറുകൾ അടച്ചുപൂട്ടിയതിനെ തുടർന്ന് എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടെന്ന് വിശദമാക്കാമോ; | (ബി) ബാറുകൾ അടച്ചുപൂട്ടിയതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പിൽ ഇപ്പോൾ ലഭ്യമല്ല. എന്നാൽ 01/4/2014-ന് ശേഷം ബാർ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിനെ തുടർന്ന് ക്ഷേമനിധി അംഗത്വമുള്ള കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരുന്ന 593 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു. |
| (സി) തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;<br>(ഡി) പ്രസ്തുത തൊഴിലാളികളുടെ ജീവനോപാധിക്കായി പുതിയ നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) ബാറുകൾ അടച്ചുപൂട്ടിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. ഇതിന്മേൽ സർക്കാർ തീരുമാനം എടുക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/